**File No.DPI/87420/2018-R1**

പ്ര.കത്ത്.നം: R1/87420/2018/ഡി.പി.ഐ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 16/10/2018

സർക്കാർ കത്തിന്റെ പകർപ്പ് അറിവിലേക്കായി അയക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസഉപഡയറക്ടർക്കും

കേരള സർക്കാർ

OFFICE OF THE DIRECTOR OF PUBLIC INSTRUCTION
11 OCT 2018

ജെ1/108/2018/പൊ.വി.വ.

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

തിരുവനന്തപുരം, തീയതി, 10/10/2018

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

സർ,

വിഷയം -പ്രൈമറിസ്കൂൾ ഹെഡ് മാസ്റ്റർമാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച്.

പ്രൈമറിസ്കൂൾ ഹെഡ് മാസ്റ്റർമാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലിരിക്കുന്ന നിരവധി കോടതിവിധികൾ നടപ്പിൽ വരുത്തുമ്പോൾ സാമ്പത്തിക ആനുകൂല്യങ്ങൾ നല്കേണ്ടതായ വിഷയം ധനവകുപ്പിന്റെ പരിശോധനയിലിരിക്കുകയാണ്. അന്തിമ തീരുമാനം ഇക്കാര്യത്തിലുണ്ടായിട്ടില്ല. അതിനോടൊപ്പം പ്രൈമറിസ്കൂൾ ഹെഡ് മാസ്റ്റർമാർക്ക്ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് കെ.ഇ.ആർ-ൽ വരുത്തുവാനുദ്ദേശിക്കുന്ന ഭേദഗതി പൊതുവിദ്യാഭ്യാസവകുപ്പിന്റെ പരിശോധനയിലിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ എന്തു തീരുമാനമെടുക്കുന്നതും നടപടിക്രമം പുറപ്പെടുവിക്കുന്നതും സർക്കാരിന്റെ അനുമതിയോടെയായിരിക്കണമെന്ന് താങ്കളുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും അടിയന്തിരമായി അറിയിക്കണമെന്നു താല്പര്യപ്പെടുന്നു. സർക്കാർ തീരുമാനത്തിന് കാത്തിരിക്കാതെ ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം അതുമൂലം ഉണ്ടാകുന്ന ബാധ്യതകൾ അതത് ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കുമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

എസ്.വി.അനിൽകുമാർ

അണ്ടർ സെക്രട്ടറി

സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ